# ‘സൗഖ്യദായകനായ കർത്താവ്’

## സങ്കീർത്തനങ്ങൾ 107:20

‘‘അവൻ തന്റെ വചനത്തെ അയച്ച് അവരെ സൗഖ്യമാക്കി; അവരുടെ കുഴികളിൽ നിന്നു അവരെ വിടുവിച്ചു.’’

സൗഖ്യദായകനായ കർത്താവിനെയാണ് ഈ വചനത്തിലൂടെ വെളിപ്പെടുത്തുന്നത്. അവന്റെ ജീവനുള്ള വചനത്താൽ സൗഖ്യമുണ്ടെന്ന് നമുക്ക് വ്യക്തമാക്കി തരുന്നു. എന്നിട്ടും ഇന്നും എന്തേ നമ്മൾ വേദനയിലും, ഞെരുക്കത്തിലും, കഷ്ടതയിലും എങ്ങനെയെങ്കിലും ഈ ജീവിതമൊന്ന് ജീവിച്ചു തീർക്കാൻ ആഗ്രഹിക്കുന്നു. മനുഷ്യൻ ഈ വചനത്തെ ബുദ്ധികൊണ്ട് അളക്കുന്നു. എന്നാൽ ഇതിനെ ഒരു വെളിപ്പാടായി വിശ്വാസത്തിൽ ഏറ്റെടുക്കാൻ പലർക്കും സാധിക്കുന്നില്ല. ക്രിസ്തുവിന്റെ മുറിവുകൾ യാഥാർഥ്യമാണെങ്കിൽ സൗഖ്യവും യാഥാർഥ്യമാണ്. കാരണം അവൻ നമ്മുടെ രോഗങ്ങളെയും പാപങ്ങളെയും എല്ലാം ക്രൂശിൽ വഹിച്ചവനാണ്. അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം തന്നു. എന്നാൽ ഈ സൗഖ്യം ജീവിതത്തിന്റെ പല മേഖലകളിലും ഏറ്റെടുക്കാൻ നമുക്ക് സാധിക്കുന്നില്ല. ഒരു പ്രസംഗത്തിൽ ഇപ്രകാരം കേൾക്കാൻ ഇടയായി. മിഷണറിയായിരുന്ന ഒരു വ്യക്തിക്ക് 5 മക്കൾ ഉണ്ടായിരുന്നു. അവരുടെ രണ്ടാമത്തെ മകൾ ഓട്ടിസം ബാധിച്ച കുട്ടിയായിരുന്നു. അവളുടെ മാതാപിതാക്കൾ നിരന്തരമായി ആ കുഞ്ഞിനെ സമർപ്പിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി അവളുടെ രോഗത്തിനു വിടുതൽ ലഭിക്കുകയും ഇന്ന് അവൾ ഒരു സൈക്ക്യാട്രിസ്റ്റ് ആയി വിദേശത്ത് ജോലി ചെയ്യുവാനും ഇടയായിത്തീർന്നു. ദൈവത്തിന്നു അസാദ്ധ്യമായി ഒന്നുമില്ല എന്ന് വിശ്വസിക്കാൻ കഴിയണം, പ്രത്യാശയോടെ പ്രാർത്ഥിക്കാൻ കഴിയണം. ഏതു സാഹചര്യത്തിലും സന്തോഷത്തോടെ മുന്നോട്ട് പോകുവാൻ കഴിയണം. കഴുകന്മാരെ പോലെ ചിറകടിച്ച് ഉയരാൻ കഴിയണം. നിരന്തരമായി പ്രാർത്ഥിച്ചിട്ടും സൗഖ്യം ലഭിച്ചില്ലെങ്കിലും അതിനെ ഒരു സഹനമയി ഏറ്റെടുത്ത് ഞാൻ ദൈവത്തിന്റെ മകനാണ്/മകളാണ് എന്ന് ഉറപ്പിക്കാൻ സാധിക്കണം. ദൈവീക സമാധാനം അനുഭവിക്കാൻ കഴിയണം. ഈ പ്രത്യാശക്കായി നമുക്കും ദൈവത്തോട് പ്രാർത്ഥിക്കാം.

പരാമർശം :

ലൂക്കോസ് 4:18–19

‘‘ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഢിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു’’

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 023